DESPATCHED
On. 17/2/23.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP. 1496(2)/2020/എസ്.ഐ.സി.**
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നമ്പർ 12924/എസ്.ഐ.സി-ജി 6/20)**
**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.സുരേഷ് ബാബു എം.കെ.,
മാന്യേത്ത് വീട്,
ശ്രീ ശങ്കര കോളേജ് റോഡ്,
മാറ്റൂർ പി.ഒ., കാലടി, എറണാകുളം ജില്ല,
പിൻ – 683 574.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
   എറണാകുളം.

2. അപ്പീൽ അധികാരി,
   വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
   എറണാകുളം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08.09.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 11.09. 2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 30.09.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 19.10. 2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 11.11. 2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 17.11. 2020 |
| ഹിയറിംഗ് നടന്ന തീയതി | 10.01.2023, ആലുവ പാലസ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ, എറണാകുളം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 08.09.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ചെറായി രാമവർമ്മ യൂണിയൻ സ്കൂളിൽ 2018-19 അധ്യയന വർഷം Staff Fixation നടത്തിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും Permanent Employee Number(PEN)ഉം നൽകണമെന്നും

2) പ്രസ്തുത സ്കൂളിൽ 01.06.2018ൽ എട്ടാം ക്ലാസ്സിൽ ഉണ്ടായിരുന്ന ആകെ കുട്ടികളുടെ എണ്ണം,

3) പ്രസ്തുത സ്കൂളിൽ 18.06.2018ൽ എട്ടാം ക്ലാസ്സിൽ ഉണ്ടായിരുന്ന ആകെ കുട്ടികളുടെ എണ്ണം,

4) പ്രസ്തുത സ്കൂളിൽ 27.09.2018ൽ എട്ടാം ക്ലാസ്സിൽ ഉണ്ടായിരുന്ന ആകെ കുട്ടികളുടെ എണ്ണം,

5) പ്രസ്തുത സ്കൂളിൽ 08.06.2020 മുതൽ 30.08.2020വരെ എട്ടാം ക്ലാസ്സിൽ നിന്നും നൽകിയ TC എണ്ണവും അവയുടെ പകർപ്പുകളും നൽകണമെന്നാണ്.

ആയതിന് 11.09.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ചെറായി രാമവർമ്മ യൂണിയൻ ഹൈസ്കൂളിന്റെ തസ്തിക നിർണ്ണയം നടത്തിയത് എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസിലാണെന്നും ആയതിനാൽ ടി വിഷയം സംബന്ധിച്ച വിവരം ലഭിക്കുന്നതിന് ടി ഓഫീസുമായി ബന്ധപ്പെടാൻ താല്പര്യപ്പെടുന്നുവെന്നാണ്.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 19.10.2020ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്, പല അധികാരസ്ഥാനത്തേക്ക് വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം അപേക്ഷ കൈമാറേണ്ടതില്ല എന്ന് 18.05.2017ലെ സംസ്ഥാന വിവരാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളതിനാലാണ് ടിയാന് 11.09.2020ൽ മറുപടി നൽകിയതെന്നും ഹർജിക്കാരൻ 08.09.2020ൽ ആവശ്യപ്പെട്ട ചോദ്യങ്ങൾക്കുള്ള

മറുപടി ടി ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ 30.09.2020ലെ അപ്പീൽ അപേക്ഷ യുടെ മറുപടി ലഭിക്കുന്നതിന് എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസുമാ യും ചോദ്യം 2, 3, 4, 5 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി ലഭിക്കുന്നതിന് ചെറായി രാമവർമ്മ യൂണിയൻ ഹൈസ്കൂളുമായും ബന്ധപ്പെടണമെന്നാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയി ട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ് കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷ വിവരങ്ങൾ നിക്ഷിപ്തമായ ഓഫീസിലേയ്ക്ക് വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം 5 ദിവസത്തിനകം കൈമാറണമെന്നിരിക്കെ ഒന്നാം എതിർകക്ഷി അപ്രകാരം ചെയ്തിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകു ന്നു. കൂടാതെ അപ്പീൽ അധികാരി തെറ്റായ മറുപടിയാണ് നൽകിയിരിക്കുന്ന തെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. ആകയാൽ പരാമർശിതകാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷൻ കാണു ന്നു. ഇപ്രകാരം മറുപടി നൽകിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാ നിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെ ങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസ ത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമന ത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

കൂടാതെ രണ്ടാം എതിർകക്ഷി തെറ്റായി അപ്പീൽ തീർപ്പാക്കിയത് സംബന്ധിച്ച വിശദീകരണം ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം കമ്മീഷനിൽ സമർപ്പിക്കണമെന്നും നിർദ്ദേശിക്കുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/